## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ **2740** — 20.06.2013-ൽ മറുപടിക്ക്

# പരവൂർ നഗരസഭയിൽ പണിതീർത്തിട്ടുള്ള സുനാമി പുനരധിവാസ ഫ്ളാറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | **ശ്രീ. അടൂർ പ്രകാശ്**<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ പണി തീർത്തിട്ടുള്ള ഫ്ളാറ്റുകളിൽ എത്ര കുടുംബങ്ങളെയാണ് താമസിക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്; | (എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിൽ പൂക്കുളം, കല്ലുകുന്ന് എന്നിവിടങ്ങളിൽ പൂർത്തിയാക്കിയ രണ്ട് ഫ്ളാറ്റ് സമുച്ചയങ്ങളിൽ യഥാക്രമം 248, 272 വീടുകളാണ് ഉള്ളത്. ഇവയിൽ പൂക്കുളം ഭവന പദ്ധതിയിലെ 248 വീടുകളും, കല്ലുകുന്ന് ഭവനപദ്ധതിയിലെ 272 വീടുകളിൽ 41 വീടുകളും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫ്ളാറ്റുകളിൽ കുടിവെള്ളം, വൈദ്യുതി, മാലിന്യ സംസ്ക്കരണം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കു-കയും ഈ വിഷയം പലപ്പോഴും ക്രമസമാധാന പ്രശ്നമായി മാറുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി)&(സി) : രണ്ടു ഫ്ളാറ്റുകളിലും റ്റി..ആർ.പി. ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്. കുഴൽകിണർ കുഴിച്ച് പമ്പ്സെറ്റ്, പമ്പ്ഹൗസ് എന്നിവ് സ്ഥാപിച്ച് ഓവർഹെഡ് ടാങ്കിലൂടെ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളവിതരണം നടത്തിവരുന്നു. ഓരോ പദ്ധതികളിലും റസിഡൻസ് |

(...........2........)

| | |
|---|---|
| (സി) എങ്കിൽ പ്രശ്ന പരിഹാരത്തിലേക്കായി സമയബന്ധിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ? | അസോസിയേഷനുകൾ രൂപീകരിക്കുകയും പമ്പ്സെറ്റ് അതിന്റെ ഭാരവാഹികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനുമായി ചേർന്ന് ഓരോ ബ്ളോക്കുകളിലും പോർട്ടബിൾ ബയോഗ്യാസ് പ്ളാന്റുകൾ രണ്ടു പദ്ധതികളിലും പരവൂർ മുനിസിപ്പാലിറ്റി മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ക്രമസമാധാന പ്രശ്നം ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ